**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2256** **12-12-2022 - ൽ മറുപടിയ്ക്ക്**

**അനധികൃത പണമിടപാട് സ്ഥാപനങ്ങൾ നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇതര സംസ്ഥാന രജിസ്ട്രേഷനുള്ളതും അല്ലാത്തതുമായ അനധികൃത സ്ഥാപനങ്ങൾ നടത്തുന്ന ഓൺലൈൻ തട്ടിപ്പുകളും വട്ടപ്പലിശസംഘങ്ങൾ, മറ്റിതര പണപ്പിരിവ് സംഘങ്ങൾ എന്നിവ നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ലോക്കൽ പോലീസ് 478 കേസുകളും ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ 128 കേസുകളും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) | എങ്കിൽ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നാളിതുവരെ ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് എത്ര ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് 3 പേർ ആത്മഹത്യ ചെയ്ത സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൊലപാതക കേസുകളൊന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല. |
| (സി) | ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാനും ജനങ്ങളെ ബോധവൽക്കരിക്കാനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | സാമ്പത്തിക കുറ്റകൃത്യങ്ങൾ അനിയന്ത്രിതമായി വർദ്ധിക്കുന്ന സാഹചര്യം നിലവിലില്ല. എന്നാൽ വിവിധ ഡിജിറ്റൽ പ്ലാറ്റ് ഫോമുകളിലൂടെ സുഗമമാക്കിയ ഇ-കൊമേഴ്സിന്റെയും കമ്പോള സമ്പദ് വ്യവസ്ഥയുടേയും കാലഘട്ടത്തിൽ സങ്കീർണ്ണമായ സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാമ്പത്തിക കുറ്റകൃത്യങ്ങളുടെ അന്വേഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രജിസ്റ്റർ ചെയ്യുന്ന കേസുകൾ അന്വേഷണം നടത്തുന്നതിന് സാങ്കേതിക വൈദഗ്ധ്യം നേടിയ അന്വേഷണ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന സാമ്പത്തിക കുറ്റകൃത്യങ്ങളുടെ അന്വേഷണ വിഭാഗത്തിന് ക്രൈം ബ്രാഞ്ചിന്റെ കീഴിൽ രൂപം നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് 233 തസ്തികകളും അനുവദിക്കുകയുണ്ടായി.<br><br>കേരള പോലീസിന്റെ വിവിധ വിഭാഗങ്ങളായ ഹൈടെക് സെൽ, സൈബർ ഡോം, സൈബർ പോലീസ് സ്റ്റേഷൻ എന്നിവയെ ഉപയോഗപ്പെടുത്തി |

| | | | |
|---|---|---|---|
| | | | ഡിജിറ്റൽ മേഖലയിലൂടെ നടത്തുന്ന തട്ടിപ്പുകൾക്കെതിരെ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകി വരുന്നു. ഉപഭോക്താക്കൾക്ക് ഡിജിറ്റൽ പ്ലാറ്റ് ഫോമുകളിലൂടെ നടത്തുന്ന തട്ടിപ്പുകളേയും ഓൺലൈൻ ചതിക്കുഴികളേയും സംബന്ധിച്ച് ദൃശ്യ-പത്ര മാധ്യമങ്ങളിലും പോലീസിന്റെ സോഷ്യൽ മീഡിയാ അക്കൗണ്ടുകളിലും ഇതിനെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ പ്രസിദ്ധപ്പെടുത്തി പ്രചരിപ്പിച്ചു വരുന്നു. ഇതിനുപുറമേ റസിഡന്റ്സ് അസോസിയേഷനുകൾ സ്കൂൾ, കോളേജുകൾ, NGO കൾ എന്നിവർക്കായി സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ജനമൈത്രി പോലീസ് എന്നിവയിലൂടെ ഇക്കാര്യത്തിൽ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.ഓൺലൈൻ സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിന് കേരള പോലീസിന്റെ കോൾ സെന്റർ പ്രവർത്തിച്ചു വരുന്നു. 1930 എന്ന ടോൾഫ്രീ നമ്പരിൽ വിളിച്ച് ഓൺലൈൻ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് പരാതി അറിയിച്ചാൽ ഉടനടി ബാങ്ക് അധികാരികളെ വിവരം അറിയിച്ച് പണമിടപാട് മരവിപ്പിച്ച ശേഷം കുറ്റക്കാർക്കെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് അനധികൃത നിക്ഷേപ പദ്ധതികളെക്കുറിച്ചുള്ള പ്രചരണങ്ങൾ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നതും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സ്വീകരിക്കേണ്ട സുരക്ഷാമുൻകരുതലുകളെക്കുറിച്ച് ഓൺലൈൻ വഴിയും സാമൂഹ്യ മാധ്യമ അക്കൗണ്ട് വഴിയും സുരക്ഷിത പണമിടപാടുകളെ സംബന്ധിച്ച് അവബോധവും ബോധവൽക്കരണവും സന്ദേശങ്ങളും നൽകി വരുന്നു. നിക്ഷേപ സ്ഥാപനങ്ങളുടെ അനധികൃത പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ അനധികൃത നിക്ഷേപ പദ്ധതികൾ പ്രചരിപ്പിക്കുന്നവർക്കെതിരെയും നിക്ഷേപങ്ങൾ സ്വീകരിക്കുന്നവർക്കെതിരെയും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും BUDS Act, Kerala Protection of Interest of Depositors in Financial Establishment Act, Kerala Money Lenders Act എന്നിവ മുഖേന നിയമ നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാൻ നിയമനിർമ്മാണത്തിന്റെ ആവശ്യകത പരിഗണിക്കുമോ? | (ഡി) | സാമ്പത്തിക കുറ്റകൃത്യങ്ങൾ അനിയന്ത്രിതമായി വർദ്ധിക്കുന്ന സാഹചര്യം നിലവിലില്ല. എന്നാൽ വിവിധ ഡിജിറ്റൽ പ്ലാറ്റ് ഫോമുകളിലൂടെ സുഗമമാക്കിയ ഇ-കൊമേഴ്സിന്റെയും കമ്പോള |

| | | | |
|---|---|---|---|
| | | | സമ്പദ് വ്യവസ്ഥയുടേയും കാലഘട്ടത്തിൽ സങ്കീർണ്ണമായ സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാമ്പത്തിക കുറ്റകൃത്യങ്ങളുടെ അന്വേഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രജിസ്റ്റർ ചെയ്യുന്ന കേസുകൾ അന്വേഷണം നടത്തുന്നതിന് സാങ്കേതിക വൈദഗ്ധ്യം നേടിയ അന്വേഷണ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന സാമ്പത്തിക കുറ്റകൃത്യങ്ങളുടെ അന്വേഷണ വിഭാഗത്തിന് ക്രൈം ബ്രാഞ്ചിന്റെ കീഴിൽ രൂപം നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് 233 തസ്തികകളും അനുവദിക്കുകയുണ്ടായി<br><br>കേരള പോലീസിന്റെ വിവിധ വിഭാഗങ്ങളായ ഹൈടെക് സെൽ, സൈബർ ഡോം, സൈബർ പോലീസ് സ്റ്റേഷൻ എന്നിവയെ ഉപയോഗപ്പെടുത്തി ഡിജിറ്റൽ മേഖലയിലൂടെ നടത്തുന്ന തട്ടിപ്പുകൾക്കെതിരെ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകി വരുന്നു. ഉപഭോക്താക്കൾക്ക് ഡിജിറ്റൽ പ്ലാറ്റ് ഫോമുകളിലൂടെ നടത്തുന്ന തട്ടിപ്പുകളേയും ഓൺലൈൻ ചതിക്കുഴികളേയും സംബന്ധിച്ച് ദൃശ്യ-പത്ര മാധ്യമങ്ങളിലും പോലീസിന്റെ സോഷ്യൽ മീഡിയാ അക്കൗണ്ടുകളിലും ഇതിനെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ പ്രസിദ്ധപ്പെടുത്തി പ്രചരിപ്പിച്ചു വരുന്നു. ഇതിനുപുറമേ റസിഡന്റ് അസോസിയേഷനുകൾ സ്കൂൾ, കോളേജുകൾ, NGO കൾ എന്നിവർക്കായി സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ജനമൈത്രി പോലീസ് എന്നിവയിലൂടെ ഇക്കാര്യത്തിൽ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.ഓൺലൈൻ സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിന് കേരള പോലീസിന്റെ കോൾ സെന്റർ പ്രവർത്തിച്ചു വരുന്നു. 1930 എന്ന ടോൾഫ്രീ നമ്പരിൽ വിളിച്ച് ഓൺലൈൻ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് പരാതി അറിയിച്ചാൽ ഉടനടി ബാങ്ക് അധികാരികളെ വിവരം അറിയിച്ച് പണമിടപാട് മരവിപ്പിച്ച ശേഷം കുറ്റക്കാർക്കെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് അനധികൃത നിക്ഷേപ പദ്ധതികളെക്കുറിച്ചുള്ള പ്രചരണങ്ങൾ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നതും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സ്വീകരിക്കേണ്ട സുരക്ഷാമുൻകരുതലുകളെക്കുറിച്ച് ഓൺലൈൻ വഴിയും സാമൂഹ്യ മാധ്യമ അക്കൗണ്ട് വഴിയും സുരക്ഷിത പണമിടപാടുകളെ സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | അവബോധവും ബോധവൽക്കരണവും സന്ദേശങ്ങളും നൽകി വരുന്നു. നിക്ഷേപ സ്ഥാപനങ്ങളുടെ അനധികൃത പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ അനധികൃത നിക്ഷേപ പദ്ധതികൾപ്രചരിപ്പിക്കുന്നവർക്കെതിരെയും നിക്ഷേപങ്ങൾ സ്വീകരിക്കുന്നവർക്കെതിരെയും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും BUDS Act, Kerala Protection of Interest of Depositors in Financial Establishment Act, Kerala Money Lenders Act എന്നിവ മുഖേന നിയമ നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ